## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 222.

18.06.2014-ലെ മറുപടിയ്ക്ക്

### ഡി.റ്റി.പി.സി. ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ടൂറിസം മേഖലയുടെ വികസനത്തിന് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദ വിവരം നൽകുമോ; | (എ) സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തോടെ പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനം, വിനോദസഞ്ചാര ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള അംഗീകാരനടപടികൾ, ടൂറിസം സാധ്യതയുള്ള പുതിയ പ്രദേശങ്ങൾ കണ്ടെത്തി അവിടങ്ങളിൽ അനുയോജ്യമായ ടൂറിസം പദ്ധതികളുടെ ആവിഷ്കരണം, അത്തരം പദ്ധതികളിൽ ഭരണാനുമതി ലഭിക്കുന്നവയുടെ നിർവ്വഹണം, ജില്ലയിൽ വിനോദസഞ്ചാര ദിശാബോർഡുകളെ മെച്ചപ്പെടുത്തി ആധുനികവൽകരിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ശുചീകരണം, മാലിന്യ നിയന്ത്രണം എന്നീ പരിപാടികളിൽ ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏർപ്പെട്ടിരിക്കുന്നു. പാരമ്പര്യവും സംസ്കാരവും കാത്തുസൂക്ഷിക്കൽ, വിനോദസഞ്ചാര ക്ലബുകളുടെ ജില്ലാതല ഏകോപനം, ആതിഥേയ സമൂഹത്തിന് |

| | | |
|---|---|---|
| | | ബോധവത്കരണ പരിപാടികൾ പേയിംഗ് ഗസ്റ്റ് സമ്പ്രദായത്തിന് പ്രോത്സാഹനം, ടൂറിസം വിവരങ്ങൾ പ്രചരിപ്പിക്കൽ, വിനോദസഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ, പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ സ്ഥാപിക്കൽ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവയുടെ വികസനം, പ്രാദേശിക പ്രാഥമിക ടൂറിസം പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ശുചിത്വ പരിപാടികൾ നടപ്പിലാക്കൽ എന്നിവയാണ് ടൂറിസം മേഖലയുടെ വികസനത്തിനായി ജില്ലാ വിനോദസഞ്ചാര സമിതികൾ പ്രധാനമായും ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ. നിലവിൽ 14 ജില്ലകളിലെ ഡി.റ്റി.പി.സി.കൾ മുഖേന നടപ്പാക്കി വരുന്ന പ്രധാന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി വച്ചിരിക്കുന്നു |
| (ബി) | ഇവയുടെ പ്രവർത്തനത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖ സംബന്ധിച്ച വിശദവിവരം നൽകുമോ ; | (ബി) ടൂറിസം മേഖലയിൽ കേരളത്തിന്റെ അനന്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലേക്കായി ജില്ലാ തലങ്ങളിൽ ഭരണ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനു വേണ്ടിയാണ് 28.07.1988ലെ G.O.(P)No.254/88/GAD സർക്കാർ ഉത്തരവു പ്രകാരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്. ഇവ 1955 ലെ |

Travancore-Cochin Literary Scientific and Charitable Societies Registration Act 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടൂറിസം മേഖലയിലെ പുതിയ മാറ്റങ്ങളെയും വൈവിധ്യങ്ങളായ പ്രവർത്തന മേഖലകളെയും ഉൾക്കൊള്ളിക്കുന്ന തിലേക്കായി ഡി.റ്റി.പി.സി.കളുടെ പ്രവർത്തനങ്ങളിൽ കാലാനുസൃത മാറ്റം വരുത്തുന്നതിനായി 03.01.2005ലെ G.O.(MS)No.05/05/GAD ഉത്തരവ് പ്രകാരം ഡി.റ്റി.പി.സി. പുന സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഡി.റ്റി.പി.സി.കളുടെ ഭരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൻപ്രകാരം ഡി.റ്റി.പി.സി.കളുടെ ഉപദേശക സമിതിയായി ഗവേണിംഗ് ബോഡി പ്രവർത്തിക്കുന്നു. ഗവേണിംഗ് ബോഡിയുടെ ശുപാർശകൾ പരിശോധിച്ച് അവയിൽ അന്തിമ തീരുമാനം എടുക്കുകയും പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയാണ്. ഡി.റ്റി.പി.സി.യുടെ ചെയർമാൻ ജില്ലാകളക്ടർ ആണ്. സെക്രട്ടറിയാണ് ഡി.റ്റി.പി.സി..യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

| | |
|---|---|
| (സി) കൗൺസിലിന്റെ ഘടനയെയും നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരെയും സംബന്ധിച്ച വിശദ വിവരം നൽകുമോ ? | (സി) കൗൺസിലിന്റെ ഘടന വിശദീകരിക്കുന്ന 03.01.2005ലെ G.O.(MS)No.05/05/GAD |

ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നടത്തുന്നത്. 28.07.1988ലെ ജി.ഒ.(പി) 254/88/ജിഎഡി നമ്പർ ഉത്തരവു പ്രകാരം ഡി.റ്റി.പി.സി.കളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പ്യൂൺ എന്നിങ്ങനെ മൂന്നു തസ്തികകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഡി.റ്റി.പി.സി.കളിലെ മറ്റു ജീവനക്കാരെ അതത് ഡി.റ്റി.പി.സി.കളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് തെരഞ്ഞെടുത്ത് നിയമിക്കുന്നത്. ഡി.റ്റി.പി.സി.കളുടെ തനത് വരുമാനത്തിൽ നിന്നാണ് ജീവനക്കാർക്ക് വേതനം നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്